# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.14340/23/VIG

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
13/07/2023.

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ദൈനംദിന കാര്യങ്ങൾ പരാതിരഹിതമായി നടത്തുന്നതിനുള്ള നടപടി സംബന്ധിച്ച്.

സൂചന:- ദേവസ്വം ബോർഡ് ആഫീസിലെ 26/06/2023-ലെ ROC.5953/23/Vig നമ്പർ കത്ത്.

ചെട്ടികുളങ്ങര ദേവീക്ഷേത്രം, കൊട്ടാരക്കര ഗണപതി ക്ഷേത്രം, തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളിലെ ശാന്തിക്കാർ അടക്കമുള്ള ജീവനക്കാർ ഭക്തരോട് മോശമായി പെരുമാറുന്നെന്ന പരാതിയിന്മേൽ ദേവസ്വം വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ദൈനംദിന കാര്യങ്ങൾ കുറ്റവിമുക്തമായി നടത്തുന്നതിലേയ്ക്കായി ചുവടെ നിർദ്ദേശിക്കുന്ന ശുപാർശകൾ കർശനമായി പാലിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

- നാലമ്പലത്തിനുള്ളിൽ ജീവനക്കാർ അല്ലാതെയുള്ളവരുടെ ഇടപെടലുകൾ കർശനമായി ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സബ്ഗ്രൂപ്പ് ആഫീസർമാർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
- എല്ലാ ക്ഷേത്ര ജീവനക്കാരും ഡ്യൂട്ടി സമയത്ത് ഐഡന്റിറ്റി കാർഡ് നിർബന്ധമായും ധരിക്കേണ്ടതും, കൂടാതെ ജീവനക്കാർ ഡ്യൂട്ടി ചെയ്യുന്ന പോയിന്റ് കാണിക്കുന്ന രജിസ്റ്റർ ദേവസ്വം ആഫീസുകളിൽ സൂക്ഷിക്കേണ്ടതും, ആയത് പരിശോധനാ വേളയിൽ നിർദ്ദേശാനുസരണം ഹാജരാക്കേണ്ടതുമാണ്.
- സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ലാത്ത ലാവണങ്ങളിൽ താൽക്കാലികമായി ജോലിനോക്കി വരുന്നവർക്ക് പ്രത്യേകം അറ്റൻഡൻസ് രജിസ്റ്റർ (നോട്ട് ബുക്കിന് സമാനമായത്) പരിപാലിക്കേണ്ടതും, ആയത് ബോദ്ധ്യപ്പെട്ടതിന് ശേഷം മാത്രം ടിയാന്മാരുടെ വേതനം ചെലവെഴുതി നൽകേണ്ടതാണ്.
- മേൽശാന്തിമാർ തങ്ങൾക്ക് സഹായത്തിനായി സ്വന്തം ചെലവിൽ ആളെ നിയോഗിക്കുന്നതിന് അനുവാദം വാങ്ങുകയും, ടിയാന്മാരുടെ വിലാസം, ആധാർ കാർഡിന്റെ പകർപ്പ്, സ്വഭാവം സംബന്ധിച്ച ഒരു സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട മേലുദ്യോഗസ്ഥന് നൽകേണ്ടതുമാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
3. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
4. സെക്ഷൻ ഫയൽ.

AR.15/07